# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4638
## 22.03.2018 ലെ മറുപടിക്ക്
## പ്രാദേശിക വികസന പദ്ധതിയുടെ നിർവ്വഹണ പുരോഗതി

| | ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണ പുരോഗതി നിശ്ചിത ഇടവേളകളിൽ ഫലപ്രദമായി വിലയിരുത്തുന്നതിന് ധനകാര്യ നോഡൽ ബി വകുപ്പിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; | 29.12.2017-ലെ സ.ഉ.(അ) നം. 161/2017/ധന. -ലെ ഖണ്ഡിക 5 പ്രകാരം എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ധനകാര്യ (നോഡൽ- ബി) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇതിനാവശ്യമായ ക്രമീകരണം അടിയന്തരമായി ഏർപ്പെടുത്തുമോ; | ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ധനകാര്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചേർന്ന് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ പുരോഗതി ജില്ലാതലത്തിൽ എല്ലാ മാസവും പ്രത്യേകമായി വിലയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | 29.12.2017-ലെ സ.ഉ.(അ) നം. 161/2017/ധന. -ലെ ഖണ്ഡിക 5.1 പ്രകാരം എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൻ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ 10% പ്രവൃത്തികളെങ്കിലും വകുപ്പ തലവനോ/ വകുപ്പ് തലവൻ ചുമതലപ്പെടുത്തുന്ന വ്യക്തിയോ പരിശോധിക്കുന്നതാണ്. നിർവ്വഹണ വകുപ്പിലെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥർ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് നൽകാറുണ്ട്. കൂടാതെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തുന്ന പക്ഷം ജില്ലാ തലത്തിലെയും ബ്ലോക്ക് തലത്തിലെയും ഉദ്യോഗസ്ഥർ പ്രവൃത്തികളെ സംബന്ധിച്ച് നിരീക്ഷണം നടത്തി റിപ്പോർട്ട് നൽകി വരുന്നുണ്ട്. ഓരോ വർഷവും നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ചും ആയതിന് തുക അനുവദിച്ച് നൽകിയതിന്റെ ഒരു റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് നൽകാറുണ്ട്. കൂടാതെ ഓരോ ജില്ലയിലേയും ധനകാര്യ പരിശോധനാ വിഭാഗങ്ങൾ SDF പ്രകാരം മണ്ഡലങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ നേരിട്ട് പരിശോധിച്ച് ആയതിന്റെ കൃത്യതയും വിശ്വസ്യതയും ഉറപ്പ് വരുത്തി പ്രവൃത്തി നടപ്പിലാക്കിയതിൽ വീഴ്ചകളോ പാകപ്പിഴകളോ വന്നിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെയുള്ള ത്രൈമാസ റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് സമർപ്പിക്കാറുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ധനകാര്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചേർന്ന് പദ്ധതികളുടെ നിർവ്വഹണ പുരോഗതി ജില്ലാ തലത്തിൽ പ്രത്യേകമായി വിലയിരുത്തേണ്ടതിന്റെ ആവശ്യകത കാണുന്നില്ല. |

സെക്ഷൻ ഓഫീസർ